**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1404 | 03.12.2015-ൽ മറുപടിയ്ക്ക്

# ഗ്രാമീണ റോഡുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു റ്റി.തോമസ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പു സാമ്പത്തിക വർഷത്തിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനുവേണ്ടി എത്ര തുക വകയിരുത്തിയിരുന്നു; വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത ഇനത്തിൽ എത്ര ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;<br><br>(സി) ഇപ്രകാരം ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്; വിശദാംശം നൽകുമോ;<br><br>(ഡി) പ്രസ്തുത വിഷയത്തിൽ എം.എൽ.എ മാരിൽ നിന്നും നിവേദനം ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(ഇ) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്; വിശദാംശം നൽകുമോ? | (എ), (ബി), (സി), (ഡി) & (ഇ) 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി 552.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു) എം.എൽ.എ. മാരിൽ നിന്നും അവരവരുടെ നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ഒറ്റത്തവണ പുനഃരുദ്ധാരണ പദ്ധതി പ്രകാരം ഉൾപ്പെടുത്തേണ്ട റോഡു പ്രവൃത്തികളുടെ വിവരങ്ങളടങ്ങിയ നിവേദനം ലഭിക്കുകയും, അപ്രകാരം ലഭിച്ച നിവേദനങ്ങളിൽ നിന്നും പ്രവൃത്തിയുടെ മുൻഗണനാ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുകയും ചെയ്തു. നിവേദനങ്ങൾ മുമ്പേ ലഭിച്ചിരുന്നെങ്കിലും, എസ്റ്റിമേറ്റ് ലഭിച്ചത് തുടർന്നുള്ള ദിവസങ്ങളിലായിരുന്നു. ഇതു പ്രകാരം 10.05.2015-ന് മുമ്പ് വരെ ലഭിച്ച എസ്റ്റിമേറ്റുകൾക്ക് ഒന്നാം ഘട്ടമായി 233.19 കോടി രൂപയും, 11.05.2015-മുതൽ 01.06.2015 വരെ ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾക്ക് രണ്ടാം ഘട്ടവുമായി 116.57 കോടി രൂപയും ഭരണാനുമതി നൽകി. എന്നാൽ സർക്കാർ നിശ്ചയിച്ചിരുന്ന 400 കോടി രൂപയിൽ മേൽ പ്രകാരം നൽകിയിട്ടുള്ള തുക ഒഴിച്ച് ബാക്കിയുള്ള 49.44 കോടി രൂപയ്ക്ക് മൂന്നാം ഘട്ടമായി, 01.06.2015 കഴിഞ്ഞ് ലഭിച്ച എസ്റ്റിമേറ്റുകളിൽ നിന്നും, ഒന്നാം ഘട്ടത്തിലും, രണ്ടാം ഘട്ടത്തിലും ഭരണാനുമതി നൽകാത്ത ചില മണ്ഡലങ്ങളിലെ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ച് ഭരണാനുമതി നൽകുകയുണ്ടായി. ഇത് കൂടാതെ 152.11 കോടി രൂപയുടെ ഭരണാനുമതി കൂടി നൽകിയിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ